LIBRARY ARCHIVES Kerala Legislative Assembly

മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും അനുവദിച്ച തുക

66 [2554] ശ്രീ. കോടിയേരി ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്ന് ധനസഹായം ലഭ്യമാക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആകെ എത്ര തുക ദുരിതാശ്വാസ നിധിയിൽനിന്ന് ധനസഹായമായി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കുടുംബ വാർഷിക വരുമാനം 20,000 രൂപയിൽ കുറവുള്ള രോഗികൾക്കാണ് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ചികിത്സയ്ക്കായി പരമാവധി 5,000 രൂപ വരെ സഹായധനം അനുവദിക്കാറുള്ളത്. 26-12-2003-ലെ ജി.ഒ.(എം.എസ്.)408/03/റവന്യൂ നമ്പർ സർക്കാർ ഉത്തരവ് പ്രകാരം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായം അനുവദിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ പുതുക്കി നിശ്ചയിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. † കൂടാതെ അപകടത്തിൽ മരണമടയുന്ന പ്രായപൂർത്തിയായ ആളിന്റെ അവകാശിക്ക് 30.000 രൂപയും പ്രായപൂർത്തിയാകാത്ത ആളിന്റെ അവകാശിക്ക് 15,000 രൂപയും മരണസർട്ടിഫിക്കറ്റ്, പോസ്റ്റ്മോർട്ടം റിപ്പോർട്ട്, എഫ്.ഐ.ആർ എന്നിവയുടെ അടിസ്ഥാനത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ആശ്വാസ സഹായമായി നൽകിവരുന്നുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ആകെ 14,77,53,234 രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും ധനസഹായമായി നൽകിയിട്ടുണ്ട്.

ദുരിതാശ്വാസനിധിയിൽനിന്നും സഹായധനത്തിനായി ലഭിച്ച അപേക്ഷകൾ

67 [2555] ശ്രീ. സാജു പോൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും സഹായധനം ലഭിക്കുവാൻ ആകെ ലഭിച്ച അപേക്ഷകളുടേയും അനുവദിച്ച തുകയുടേയും വിശദവിവരം നിയോജക മണ്ഡലാടിസ്ഥാനത്തിൽ അറിയിക്കുമോ;

(ബി) സഹായം നിഷേധിച്ച അപേക്ഷകൾ എത്രയാണ്; നിയോജക മണ്ഡലം തിരിച്ച് എണ്ണം വ്യക്തമാക്കുമോ;

(സി) അനുവദിച്ച എല്ലാവർക്കും തുക ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; ആവശ്യമായ ഫണ്ട് നൽകാനും വിതരണം നടത്താനും നടപടി സ്വീകരിക്കുമോ?

† ലൈബ്രറിയിൽ വച്ചിട്ടുണ്ട്.